"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - തിരുവനന്തപുരത്ത് യുദ്ധസ്മാരകം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.17/2023/SWD തീയതി,തിരുവനന്തപുരം, 02-06-2023

പരാമർശം:-
1. സ.ഉ.(കൈ) നം. 221/2020/റവ. തീയതി, 18.09.2020
2. സ.ഉ.(കൈ) നം. 38/2022/സൈ.ക്ഷേ.വ. തീയതി, 19.09.2022.
3. സൈനിക ക്ഷേമ ഡയറക്ടറുടെ 09.02.2023-ലെ DSW/727/2022-A4 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നം. 20-ൽ റീസർവ്വേ നമ്പർ 664/പാർട്ടിൽ ഉൾപ്പെട്ട 0.60.71 ഹെക്ടർ സ്ഥലം യുദ്ധസ്മാരക നിർമ്മാണത്തിനായി സൈനിക ക്ഷേമ വകുപ്പിന് അനുവദിച്ച് സൂചന (1) പ്രകാരം റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് യുദ്ധസ്മാരകത്തിന്റെ ഡിസൈൻ തയ്യാറാക്കുകയും പ്രസ്തുത ഡിസൈനിന് സൂചന (2) പ്രകാരം സർക്കാർ അംഗീകാരം നൽകുകയുമുണ്ടായി.

തുടർന്ന് പ്രസ്തുത നിർമ്മാണ പ്രവൃത്തിയ്ക്ക് 8,08,70,000/- (എട്ട് കോടി എട്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപയുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും ആയത് സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ഭരണാനുമതിയ്ക്കായി സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരത്ത് യുദ്ധസ്മാരകം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 8,08,70,000/- (എട്ട് കോടി എട്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നു.

പ്രസ്തുത പ്രവൃത്തിയ്ക്ക് ആവശ്യമായ തുക 2023-24 സാമ്പത്തിക വർഷം "2075-00-800-52

തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം" ശീർഷകത്തിൽ വകയിരുത്തുന്നതിനുള്ള നടപടി ധനകാര്യ വകുപ്പ് സ്വീകരിക്കുന്നതാണ്.

പ്രസ്തുത നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർനടപടികൾ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

പകർപ്പ്:

ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (EXP-B2/469/2020-FIN dated 31.03.2023
നമ്പർ കുറിപ്പ് പ്രകാരം).
പൊതുഭരണ (എസ്.സി.) വകുപ്പ് (24.05.2023-ലെ ഇനം നം.1527 പ്രകാരം).
ഇൻഫർമേഷൻ ആഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 02-06-2023 16:11:08
സെക്ഷൻ ഓഫീസർ